## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം (ഹയർസെക്കന്ററി വിഭാഗം)

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം**

(സാന്നിധ്യം : ശ്രീ ജീവൻ ബാബു കെ., ഐ.എ.എസ്.)

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിഭാഗം - ജീവനക്കാര്യം- സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഹിസ്റ്ററി- (General) തസ്തികയിൽ 45600-95600 രൂപ ശമ്പള സ്കെയിലിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നമ്പർ. എച്ച്.എസ്.ഇ/1003/2021-എഡി സി3** **തീയതി : 06/06/2022**

പരാമർശം :
1. 16/04/2001 തീയതിയിലെ ജി.ഒ. (പി) 144/2001/പൊ.വി.വ. നമ്പർ ഉത്തരവ്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സെക്രട്ടറിയുടെ 13/04/2022 തീയതിയിലെ ആർ.ഐ.ഡി (2) 1202/20/ജി.ഡബ്ല്യു നമ്പർ കത്ത്.

**ഉത്തരവ്**

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർസെക്കന്ററി വിഭാഗത്തിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ഹിസ്റ്ററി (General) തസ്തികയിൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ ചട്ടം (3) (സി) 10 (ബി) വകുപ്പുകളുടെ നിബന്ധനകൾക്ക് വിധേയമായി 45600 95600/ രൂപ ശമ്പള സ്കെയിലിൽ പരാമർശം (2) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനോപദേശം നൽകിയ താഴെ പറയുന്ന ഉദ്യോഗാർത്ഥിയെ അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന സ്കൂളിൽ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ ഭാഗം II ചട്ടം 9 (a) (i) പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | രക്ഷകർത്താവിന്റെ / പിതാവിന്റെ പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത/ജാതി/ സമുദായം | നിയമിക്കപ്പെട്ട ടേൺ | നിയമനം നൽകിയിരിക്കുന്ന സ്കൂളിന്റെ പേരും കോഡും |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 4 | **PREETHISHA V**<br>Variyakundil House Vazhangod Malappuram Pattikkad | Haridas V | 09/12/1991 | 1.MA History<br>2.BEd Social Science<br>3.SET-Arts History<br>(V-KOLLAN) | BC | 11014-GOVT HSS,KUNNAKKAVU,MALAPPURAM |

ഈ നിയമനം ലഭിച്ച ഉദ്യോഗാർത്ഥി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (നിയമന ഉത്തരവിൽ ജാതി പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത ഒരു രജിസ്റ്റേർഡ് മെഡിക്കൽ ഓഫീസർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം, ഫോട്ടോ എന്നിവ സാക്ഷ്യപ്പെടുത്തിയത്) അംഗ പരിമിതനാണെന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് (നിയമന ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ സഹിതം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള ഓഫീസ് മേലധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവരുടെ നിയമനോത്തരവ് റദ്ദ് ചെയ്യുന്നതുമാണ്. അടുത്ത പൊതുസ്ഥലം മാറ്റത്തിലോ/കോടതി/സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അദ്ധ്യാപകരെ ടി സ്കൂളിൽ നിയമിക്കുന്ന പക്ഷം നിയമനം ലഭിച്ചിട്ടുള്ള ടി ഉദ്യോഗാർത്ഥിയെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്. ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന

അദ്ധ്യാപകർ ഇവരുടെ നിയമനം **'conditional'** എന്ന് ഈ വകുപ്പിന്റെ വെബ് സൈറ്റായ **dhsetransfer.kerala.gov.in** - ൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ 10 (ബി) പ്രകാരം ചട്ടം 9 ഉപചട്ടം (2) ക്ലോസ് (1), 05/03/1974 ലെ ജി.ഒ. (പി) നമ്പർ 49/74/പി.ഡി. നമ്പർ ഉത്തരവ് എന്നിവ പ്രകാരം തീർത്തും താൽക്കാലികമായിരിക്കും. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പോലീസിന്റെയും പരിശോധനാ റിപ്പോർട്ടിന് വിധേയമായിരിക്കും നിയമനം. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പോലീസിന്റെയും റിപ്പോർട്ട് പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദ് ചെയ്യുന്നതാണ്.

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 07/01/2013 ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 20/2013/ഫിൻ പ്രകാരം നിലവിൽ വന്ന നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

**ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

1. ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
2. ഉത്തരവിൽ ഉദ്യോഗാർത്ഥിയുടെ പേരിന് നേരെ റിസർവേഷൻ ടേൺ കോളത്തിൽ CC/NCLC എന്ന് രേഖപ്പെടുത്തിയിട്ടുങ്കിൽ പ്രസ്തുത ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുമ്പായി അവരുടെ അസ്സൽ ജാതി സർട്ടിഫിക്കറ്റ്/നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആയതിന്റെ വാസ്തവികത ഉറപ്പ് വരുത്തേതാണ്. ഇതേ പോലെ റിസർവേഷൻ ടേൺ PH ആണെങ്കിൽ അംഗ പരിമിതനാണെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ പരിശോധിച്ച് ആയതിന്റെ വാസ്തവികത ഉറപ്പ് വരുത്തേണ്ടതാണ്.
3. ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റിലെ ഫോട്ടോയും ഒപ്പും ശരിയാണോ എന്ന് പരിശോധിക്കേതും ആയതിൽ നിയമന ഉത്തരവിന്റെ നമ്പർ, തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതും ആണ്.
4. 30/06/2011 ലെ G.O (P) No. 20/2011/P&ARD പ്രകാരം നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. 01/04/2013 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർ 07/01/2013 ലെ സ.ഉ (പി) നം.20/2013/ഫിൻ പ്രകാരമുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കും. 01/04/2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച് കെ.എസ്.ആർ പാർട്ട് III സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടർന്നു വരുന്ന ജീവനക്കാർ, കെ.എസ്.ആർ പാർട്ട് III പ്രകാരമുള്ള പെൻഷൻ പദ്ധതിയിൽ തുടരുവാൻ ആഗ്രഹിക്കുകയാണെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് മൂന്ന് മാസത്തിനകം 14/07/2014 ലെ ജി.ഒ (പി) 279/2014/ഫിൻ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓപ്ഷൻ സമർപ്പിക്കേതാണ്. നിലവിൽ ഗവൺമെന്റ് സർവ്വീസ്/ആട്ടോണമസ് ബോഡി/എയിഡഡ് ഇൻസ്റ്റിറ്റ്യൂഷൻ/പബ്ലിക് സെക്ടർ അണ്ടർ ടേക്കിംഗ്/ബോർഡ് എന്നിവയിൽ 31/03/2013 മുതലോ അതിന് മുമ്പോ സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹമായി ജോലി നോക്കുന്ന ഉദ്യോഗസ്ഥർ ഈ നിയമന ഉത്തരവ് പ്രകാരം ജോയിൻ ചെയ്ത് കെ.എസ്.ആർ. പാർട്ട് III പ്രകാരമുള്ള പെൻഷൻ പദ്ധതിയിൽ തുടരണമെന്നുണ്ടെങ്കിൽ 04/07/2015 ലെ 65/2015/ഫിൻ നമ്പർ സർക്കുലർ പ്രകാരം ആറ് ദിവസം + യഥാർത്ഥ യാത്രാസമയം എന്ന നിശ്ചിത സമയത്തിനുള്ളിൽ തന്നെ ജോലിക്ക് ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം ടി ഉദ്യോഗസ്ഥരെ കെ.എസ്.ആർ പാർട്ട് III പ്രകാരമുള്ള പെൻഷൻ പദ്ധതിയിൽ ഒരു കാരണവശാലും തുടരുവാൻ അനുവദിക്കുന്നതല്ല. ഉദ്യോഗാർത്ഥി പെൻഷൻ കോൺട്രിബ്യൂഷൻ പദ്ധതിയിൽ ഉൾപ്പെടേണ്ടതാണെങ്കിൽ ജോലിയിൽ പ്രവേശിച്ച് 7 ദിവസത്തിനകം ഓഫീസ് തലവൻ മുഖേന ട്രഷറി ഓഫീസർക്ക് അതിനായി അപേക്ഷ നൽകേണ്ടതാണ്.
6. ഉദ്യോഗാർത്ഥിയുടെ സേവനപുസ്തകത്തിൽ ജനനതീയതി തിരുത്തേണ്ടതുണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ പാലിച്ച് 30/12/1991 ലെ സർക്കാർ ഉത്തരവ് (പി) 45/91/പി ആന്റ് എ.ആർ.ഡി ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ സർക്കാരിന് ഉദ്യോഗാർത്ഥി അപേക്ഷ സമർപ്പിക്കേണ്ടതാണ്.
7. ഉദ്യോഗാർത്ഥി സർവ്വീസിൽ പ്രവേശിച്ച് 7 ദിവസത്തിനകം സേവന പുസ്തകം തുറക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗാർത്ഥി മെറിറ്റ് ക്വാട്ടയിലാണോ, സംവരണക്വാട്ടയിലാണോ നിയമിതനായതെന്ന വിവരം ചുവന്ന മഷിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സർവ്വീസ് ബുക്കിൽ 29/08/2018 ലെ സ.ഉ.(പി) 125/18/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം ഓഫീസ് മേധാവി രേഖപ്പെടുത്തേണ്ടതാണ്.

8. ജി.ഒ (പി) നമ്പർ 171/2016/ഫിൻ തീയതി 15/11/2016, ജി.ഒ (പി) നമ്പർ 16/2018/പി&എ.ആർ.ഡി തീയതി 08/11/2018, പ്രകാരമുള്ള (സ്ഥാവരജംഗമസ്വത്ത് വിവരങ്ങളുടെ വിശദാംശങ്ങൾ) പ്രൊഫോർമ പൂർണ്ണമായി പൂരിപ്പിച്ചത് സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്.

9. നിലവിൽ സർക്കാരിലോ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലോ ജോലിയുള്ള ആളാണെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ് ഹാജരാക്കേണ്ടതാണ്.

10. ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിച്ചതിനുശേഷം പ്രസ്തുത വിവരം വകുപ്പിന്റെ വെബ്സൈറ്റിൽ അതേ ദിവസം തന്നെ അപ്‌ലോഡ് ചെയ്യേണ്ടതും ആയതിന്റെ പ്രിന്റ് ഔട്ട് സാക്ഷ്യപ്പെടുത്തി ഒരാഴ്ചയ്ക്കകം ഹയർസെക്കന്ററി വിദ്യാഭ്യാസ വിഭാഗത്തിൽ അയച്ചു തരേണ്ടതുമാണ്.

11. ഹയർസെക്കന്ററി വിദ്യാഭ്യാസ വിഭാഗത്തിന്റെ 18/10/2014, 29/10/2014 എന്നീ തീയതികളിലെ എഡി സി6/20272/എച്ച്.എസ്.ഇ നമ്പർ സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പി.എസ്.സി. വെരിഫിക്കേഷനു വേണ്ടിയുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.

12. പോലീസ് വെരിഫിക്കേഷനുള്ള പ്രൊഫോർമ ഉദ്യോഗാർത്ഥിയിൽ നിന്നും പൂരിപ്പിച്ച് വാങ്ങേണ്ടതും പ്രൊഫോർമയും ആയതിലെ ഒറിജിനൽ ഫോട്ടോയും പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി ഡയറക്ടറേറ്റിൽ എത്രയും വേഗം അയച്ചു തരേണ്ടതുമാണ്. പ്രൊഫോർമ ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ www.dhsekerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

13. അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉടൻ തന്നെ അസ്സൽ തിരിച്ചറിയൽ സർട്ടിഫിക്കറ്റ് സഹിതം **ജീവൻ ബാബു കെ. ഐ.എ.എസ്., പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം - 695001** എന്ന വിലാസത്തിൽ രജിസ്ട്രേർഡ് തപാലിൽ ആമുഖ കത്ത് സഹിതം സമർപ്പിക്കേണ്ടതാണ്.

14. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയിട്ടുള്ള ശുപാർശ മെമ്മോയുടെ അസ്സൽ ജോയിനിംഗ് ടൈമിൽ പരിശോധിക്കേണ്ടതാണ്.

15. ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

**ഒപ്പ്/-**
**ജീവൻ ബാബു കെ, ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1. ബന്ധപ്പെട്ട വ്യക്തിക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പലിന്
3. ബന്ധപ്പെട്ട ആർ.ഡി.ഡി (എച്ച്.എസ്.ഇ)
4. ബന്ധപ്പെട്ട ഡി.റ്റി.ഒ/എസ്.റ്റി.ഒ
5. കരുതൽ ഫയൽ /അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്

La